بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 10.03.17 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

10.03.17 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**ഏറ്റവും കൂടുതൽ വാഖ്ഫെ നൗ കുട്ടികൾ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി വരേണ്ടതാണ്. ആൺകുട്ടികളെ അവരുടെ കുട്ടിക്കാലം മുതൽതന്നെ മാതാപിതാക്കൾ ഇതിലേക്ക് പ്രേരിപ്പിക്കുകയും അവർക്ക് ശിക്ഷണം നല്കുകയും ചെയ്യേണ്ടതാണ്. ജാമിഅ അഹ്മദിയ്യായിൽ ചേരാൻ താല്പര്യം ജനിക്കുംവിധം അവർക്ക് ശിക്ഷണം നല്കുക.**

**മുബല്ലിഗുമാർ ആദ്യം ഓർമിക്കേണ്ട കാര്യം അവർ സംഘടനാപരമായ അടിസ്ഥാനത്തിൽ (Administration-ഭരണകൂടമെന്ന നിലയിൽ)ആരെയാണോ അവരിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളത് അവരെ അനുസരിക്കണം എന്നതാണ്. തങ്ങളുടെ അനുസരണത്തിന്റെ മാതൃക കാഴ്ചവെക്കേണ്ടതാണ്. ജമാഅത്തിൽ അസ്വസ്ഥത ഉണ്ടാകാതിരിക്കാൻ മൗനം പാലിക്കേണ്ടതാണ്.**

**സ്വദ്ർമാരോടും അമീർമാരോടും ഞാൻ പറയുകയാണ്, മുറബ്ബിമാരുടെ അഭിമാനവും ബഹുമാനവും നിലനിറുത്തേണ്ടത് അവരുടെ ജോലിയാണ്. ഏതു ജമാഅത്തിലാണെങ്കിലും ഏറ്റവും കൂടുതൽ മുറബ്ബിയെ ആദരിക്കുകയും ബഹുമാനിക്കുകയും സഹകരിച്ചും അഭിപ്രായം നല്കിയും പ്രവർത്തിക്കുന്നവർ ജമാഅത്തിന്റെ സ്വദ്റും അമീറും ആയിരിക്കേണ്ടതാണ്.**

**സ്വദ്ർ അല്ലെങ്കിൽ അമീർ എല്ലാ അധികാരങ്ങളും കൈയിൽവച്ചുകൊണ്ട് സ്വന്തം ഇഷ്ടമനസുരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കരുത്. മുബല്ലിഗുമാരും തങ്ങളുടെ അഭിപ്രായം ശരിയാണെന്ന് മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കാനോ പ്രവർത്തിപ്പിക്കാനോ ശ്രമിക്കരുത്. മറിച്ച് പരസ്പര സഹകരണത്തോടെ പ്രവർത്തിക്കേണ്ടതാണ്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനു ശേഷം അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് പറഞ്ഞു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ പല രാജ്യങ്ങളിലും ജാമിഅ അഹ്മ ദിയ്യാ സ്ഥാപിതമായി കഴിഞ്ഞിട്ടുണ്ട്. അവിടെനിന്ന് മുറബ്ബിമാർ തങ്ങളുടെ പഠനം പൂർത്തിയാക്കി കർമരംഗത്ത് വന്നു കഴിഞ്ഞിരിക്കുന്നു. വന്നുകൊണ്ടിരിക്കുന്നു. ആദ്യം റബ്വയിലും ഖാദിയാനിലും മാത്രമായിരുന്നു ജാമിഅകൾ ഉണ്ടായിരുന്നത്. ഇവിടെ നിന്നാണ് ശാഹിദ് ബിരുദം കരസ്ഥമാക്കിയ മുറബ്ബിമാർ പുറത്തുവന്നിരുന്നത്. കഴിഞ്ഞ ദിവസം ഇവിടെ യു.കെ.യിലെ ജാമിഅ അഹ്മദിയ്യായിൽ നിന്ന് പാസായവരുടെ convocation (ബിരുദദാന സമ്മേളനം)നടക്കുകയുണ്ടായി. അത് കനഡയിലേയും യു.കെ.യിലേയും ജാമിഅകളിൽനിന്ന് പാസായ വിദ്യാർഥികളുടെ സംയുക്ത convocation ആയിരുന്നു. ഇവർ ശാഹിദ് ബിരുദം എടുത്ത് മുറബ്ബി എന്ന നിലയിൽ സേവനത്തിനായി തങ്ങളെ സമർപിക്കുന്നവരാണ്. ഇവർ ഇവിടെ പാശ്ചാത്യ അന്തരീക്ഷത്തിൽ വളർന്നു വലുതാകുകയും തങ്ങളുടെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി തങ്ങളെ സ്വയം ജാമിആയിലെ വിദ്യാഭ്യാസത്തിനായി സമർപിക്കുകയും വിജയിക്കുകയും ചെയ്തവരാണ്. അവരിൽ ഭൂരിഭാഗവും എന്നല്ല ഏകദേശം എല്ലാവരും വഖ്ഫെ നൗ പദ്ധതിയിൽപ്പെട്ടവരാണ്. ഭൗതികതയും ഭൗതികതയുടെ കണ്ണഞ്ചിപ്പിക്കുന്ന തിളക്കവും തിമി ർത്താടുന്ന പാശ്ചാത്യ രാജ്യങ്ങളിൽ വസിച്ചുകൊണ്ട് തങ്ങളെ സമർപണം ചെയ്ത് അല്ലാഹവിന്റെ ദീനിന്റെ ഭടന്മാരിൽ ചേരുക എന്നത് തീർച്ചയായും അവരുടെ സൗഭാഗ്യവും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന പ്രതിജ്ഞയെ പ്രകടിപ്പിക്കലുമാണ്. പക്ഷേ, ഇതു അല്ലാഹുവിന്റെ കൃപകൂടാതെ സംഭാവ്യമല്ല എന്നത് ഓർമിക്കേണ്ടതാണ്. അതുകൊണ്ടു ഇവരും ഇപ്പോൾ പാശ്ചാത്യ രാജ്യങ്ങളിലെ ജാമിആകളിൽ പഠിച്ചുകൊണ്ടിരിക്കുന്നവരും, അല്ലെങ്കിൽ പൊതുവെയുള്ള ജാമിആകളിൽ പഠിക്കുന്നവരും-പൊതുവെയുള്ള എന്നതുകൊണ്ടുള്ള ഉദ്ദേശ്യം മറ്റു രാജ്യങ്ങളിൽ പഠിക്കുന്നവരാണ്-തങ്ങളുടെ ഉള്ളിൽ വിനയം ഉണ്ടാക്കിക്കൊണ്ട് നിഷ്കളങ്കമായി അതിനെ അല്ലാഹുവിന്റെ കൃപയുടെ നിമിത്തമായി മനസ്സിലാക്കുകയും അവന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ട് അവന്റെ കൃപാകടാക്ഷം എപ്പോഴും അന്വേഷിച്ചുകൊണ്ടിരിക്കുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം ജമാഅത്തിന് മുറബ്ബിമാരേയും മുബല്ലിഗുമാരേയും ആവശ്യമുണ്ടെന്ന് ഞാൻ ജാമിഅ അഹ്മദിയ്യായുടെ ബിരുദദാനചടങ്ങിലും പറഞ്ഞിരുന്നു. ഈ ആവശ്യം വളരെ വർധിക്കുകയാണ്. എന്നല്ല വർധിച്ചു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഏറ്റവും കൂടുതൽ വഖ്ഫെ നൗ കുട്ടികൾ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി വരേണ്ടതാണ്. ആൺകുട്ടികളെ അവരുടെ കുട്ടിക്കാലം മുതൽതന്നെ മാതാപിതാക്കൾ ഇതിലേക്ക് പ്രേരിപ്പിക്കുകയും അവർക്ക് ശിക്ഷ ണം നല്കുകയും ചെയ്യേണ്ടതാണ്. ജാമിഅ അഹ്മദിയ്യായിൽ ചേരാൻ താല്പര്യം ജനിക്കുംവിധം അവർക്ക് ശിക്ഷണം നല്കുക.

അതിനാൽ വാഖ്ഫെ നൗ കുട്ടികൾ ജാമിആയിൽ പഠിക്കാൻ ശ്രമിക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ അതിനുവേണ്ടി അവരുടെ മാതാപിതാക്കളെ തയ്യാറാക്കേണ്ടതാണ്. ഇപ്പോൾ കർമരംഗത്തുവരുന്ന മുറബ്ബിമാരുടെ മനസ്സുകളിൽ ഉണ്ടായേക്കാവുന്ന ചില ചോദ്യങ്ങളെ കുറിച്ചും പറഞ്ഞുതരികയാണ്. തങ്ങളുടെ ജോലികളിൽ ജമാഅത്ത് സ്വദ്റിന് ഏതു പരിധിവരെ കൈകടത്താം എന്ന ചോദ്യമാണ് മുറബ്ബിമാർക്കുള്ളത്. തങ്ങളുടെ പ്രവർത്തന പരിധികൾ എന്താണ്? അവരുടെ പ്രവർത്തനപരിധികളെന്താണ്? ചിലപ്പോൾ മുറബ്ബി ഒരു കാര്യം തർബിയ്യത്തിന്റെ അടിസ്ഥാനത്തിൽ ഉത്തമമായി മനസ്സിലാക്കിക്കൊണ്ട് ജമാഅത്തിൽ അത് നടപ്പിൽ വരുത്താൻ ശ്രമിക്കുന്നു. അപ്പോൾ ഇതിങ്ങനെയാണോ ചെയ്യേണ്ടതെന്ന് തനിക്കു മനസ്സിലാകുന്നില്ലെന്ന്

ജമാഅത്തിന്റെ സ്വദ്ർ പറയുന്നു. ചില സ്വദ്ർമാർ തങ്ങളുടെ സ്വഭാവരീതിയനുസരിച്ചും ദീർഘകാലം സ്വദ്റായി ഇരുന്ന പരിചയം കാരണത്താലും മുറബ്ബി പറയുന്നത് ശരിയാണെന്ന് മനസ്സിലാക്കുകയും അദ്ദേഹം സ്വന്തം ഇഷ്ടമനുസരിച്ച് നടക്കേണ്ടതാണെന്ന് പറയുകയും ചെയ്യുന്നു. അതുകൊണ്ട് മുബല്ലിഗുമാർ ആദ്യം ഓർമിക്കേണ്ട കാര്യം അവർ സംഘടനാപരമായ അടിസ്ഥാനത്തിൽ (Administration-ഭരണകൂടമെന്ന നിലയിൽ) ആരെയാണോ അവരിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളത് അവരെ അനുസരിക്കണം എന്നതാണ്. തങ്ങളുടെ അനുസരണത്തിന്റെ മാതൃക കാഴ്ചവെക്കേണ്ടതാണ്. ജമാഅത്തിൽ അസ്വസ്ഥത ഉണ്ടാകാതിരിക്കാൻ മൗനം പാലിക്കേണ്ടതാണ്. എന്തെങ്കിലും അക്രമപരമായ കാര്യമാണെങ്കിൽ തങ്ങളുടെ നാഷണൽ അമീർ സാഹിബിനോടു പറയുക. അല്ലെങ്കിൽ കേന്ദ്രത്തിൽ പറയുക. എനിക്കും എഴുതാവുന്നതാണ്. ഇപ്രകാരംതന്നെ സ്വദ്ർമാരോടും അമീർമാരോടും ഞാൻ പറയുകയാണ്, മുറബ്ബിമാരുടെ അഭിമാനവും ബഹുമാനവും നിലനിറുത്തേണ്ടത് അവരുടെ ജോലിയാണ്. ഏതു ജമാഅത്തിലാണെങ്കിലും ഏറ്റവും കൂടുതൽ മുറബ്ബിയെ ആദരിക്കുകയും ബഹുമാനിക്കുകയും സഹകരിച്ചും അഭിപ്രായം നല്കിയും പ്രവർത്തിക്കുന്നവർ ജമാഅത്തിന്റെ സ്വദ്റും അമീറും ആയിരിക്കേണ്ടതാണ്. ഇതുപോലെ മറ്റു ഭാരവാഹികളും അവരവരുടെ വൃത്തത്തിൽ മുറബ്ബിയെ സഹായിക്കുന്നവരാകേണ്ടതാണ്. മുറബ്ബിയും തികഞ്ഞ വിനയത്തോടും തഖ്വായോടുംകൂടി ജമാഅത്തിന്റെ സ്വദ്റിനോടും ജമാഅത്തിലെ അമീറിനോടും പൂർണമായും സഹകരിക്കേണ്ടതാണ്. നമ്മുടെ ഉദ്ദേശ്യം ഒന്നാണ്. ജമാഅത്തംഗങ്ങളുടെ തഅ്ലീം തർബിയ്യത്ത് വ്യവസ്ഥിതിയും ജമാഅത്തിന്റെ അന്തസ്സും സ്ഥാപിക്കുക. ഖിലാഫത്തുമായിട്ടുള്ള ബന്ധമുണ്ടാക്കുകയും തൗഹീദ് സ്ഥാപിക്കുകയും ചെയ്യുക. ഇസ്ലാമിന്റെ യഥാർഥ സന്ദേശം ലോകത്ത് പ്രചരിപ്പിക്കുക. ഇതിൽ പരിധികളുടേയും അധികാരങ്ങളുടേയും എന്ത് പ്രശ്നമാണുള്ളത്. പരസ്പരം ഒറ്റക്കെട്ടായിക്കൊണ്ട് പ്രവർ ത്തിക്കേണ്ടതാണ്. ഇതുസംബന്ധമായുള്ള അല്ലാഹുവിന്റെ **തആവനൂ അലൽ ബിർറി വത്തഖ്വാ** എന്ന അടിസ്ഥാനപരമായ നിർദേശം മുന്നിൽ വെക്കേണ്ടതാണ്. അതായത് നന്മയുടേയും തഖ്വായുടേയും പ്രവർത്തനങ്ങളിൽ പർസപരം സഹായിക്കുക. ജമാഅത്തിനുള്ള സേവനം ചെയ്യാൻ ഏതുരീതിയിൽ തൗഫീഖ് കിട്ടിക്കൊണ്ടിരിക്കുകയാണെങ്കിലും അതിനെക്കാൾ വലിയ മറ്റൊരു നന്മയും ഇല്ലെന്ന് എല്ലാവർ ക്കും അറിയുന്നതാണ്. സേവനം ചെയ്യുന്നതിന് തഖ്വായും നിർബന്ധമാണ്. ജമാഅത്തിന്റെ സേവനത്തിൽ യഥാർഥവും സ്വീകാര്യവുമായ സേവനത്തിന് സൗഭാഗ്യം തരാൻ കഴിയുന്നത് തഖ്വായ്ക്കു തന്നെയാണ്. ഈ ജോലി അല്ലാഹുവിനോടുള്ള ഭയം മനസ്സിൽവച്ചുകൊണ്ട് അവന്റെ തൃപ്തി കരസ്ഥമാക്കാനുള്ളതാണ്. സ്വദ്റും അല്ലെങ്കിൽ ഭാരവാഹികളും അല്ലെങ്കിൽ മുറബ്ബിമാരും തമ്മിലുള്ള ബന്ധങ്ങളിൽ അല്പം പോലും കുറവ് എവിടെയാണോ ഉണ്ടാകുന്നത് അല്ലെങ്കിൽ നേരിയ പരാതിപോലും പരസ്പരം ഉണ്ടാകുന്നത് അവിടെ ശയ്ത്വാൻ തള്ളിക്കയറാൻ ശ്രമിക്കുന്നതായി കാണാറുണ്ട്. നന്മയുടേയും തഖ്വായുടേയും വേരുകൾ ഇളകാൻ തുടങ്ങുന്നു. കുറച്ചാളുകൾ മുറബ്ബിയോടു സഹതാപം നടിച്ച് താങ്കളോടു ജമാഅത്ത് പ്രസിഡന്റ് നല്ല രീതിയിലല്ല പെരുമാറിയതെന്നു പറയുന്നു. മുറബ്ബി ഈ രീതി ഒരിക്കലും സ്വീകരിക്കാൻ പാടില്ലായിരുന്നുവെന്ന് കുറച്ചാളുകൾ ജമാഅത്തിന്റെ സ്വദ്റിനോടും പറയുന്നു. ഏതൊരാളുകളുടെ പരിഷ്കരണമാണോ ജമാഅത്തിന്റെ സ്വദ്റിന്റേയും മുറബ്ബിയുടേയും ജോലി ആയിരുന്നത് അവരിൽനിന്നുതന്നെ ചിലർ സ്വദ്റിന്റേയും മുറബ്ബിയുടേയും ഇടയിൽ വിള്ളലുണ്ടാക്കാനും അകൽച്ച ഉണ്ടാക്കാനും ശ്രമിക്കുന്നു. ഇതിന്റെ ഫലമായി ജനങ്ങളിൽ വീണ്ടും അസ്വസ്ഥതകൾ ഉണ്ടാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'നോക്കൂ, പരസ്പരം തിന്നുകയും നാലുപേർ കൂടിയിരിക്കുമ്പോൾ ഒരു സാധുസഹോദരനെ കുറിച്ച് അപവാദം പറയുകയും വിമർശനം നടത്തുകയും ചെയ്യുന്ന ജമാഅത്ത്, ജമാഅത്തു തന്നെയാവുകയില്ല.' പറഞ്ഞു, 'അങ്ങനെ ഒരിക്കലും പാടില്ലാത്തതാണ്. മറിച്ച് അഭിപ്രായ ഐക്യത്തിൽ ശക്തിയുണ്ടാകേണ്ടതാണ്. ശക്തി ഉണ്ടാകുന്നതിന് ഒറ്റക്കെട്ടാകുക, ഒന്നായിത്തീരുക. ഐക്യമുണ്ടാകുന്നതിന് അതിൽ ശക്തിയുണ്ടാക്കുക. അതുമുഖേന സ്നേഹമുണ്ടാകുന്നു. ബർക്കത്തുകളുണ്ടാകുന്നു.' പറഞ്ഞു, 'ധാർമികമായ ശക്തികളെ വിശാലമാക്കുക. സഹതാപത്തേയും മുഹബ്ബത്തിനേയും ക്ഷമയേയും ദയയേയും പൊതുവാക്കുകയും എല്ലാ ശീലങ്ങളിലും കരുണയേയും തെറ്റു മറ ച്ചുവെക്കുന്നതിനേയും മുന്തിക്കുകയും ചെയ്യുമ്പോഴാണ് ഇത് സാധ്യമാകുന്നത്.'

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഇതു ഞാൻ പറഞ്ഞതുകൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിൽ അഭയം!ജമാഅത്തിന്റെ ഭാരവാഹികളുടേയും പ്രത്യേകിച്ചും സ്വദ്ർ അല്ലെങ്കിൽ അമീർ അല്ലെങ്കിൽ മുറബ്ബിമാരുടെ ഇടയിൽ ജമാഅത്തിൽ പൊതുവെ അഭിപ്രായ ഭിന്നതകളുണ്ടെന്നതിന്റെ അടിസ്ഥാനത്തിലല്ല. ഇല്ല, അങ്ങനെ ഒരു കാര്യവുമില്ല. ഇത്തരം ഒന്നോ ഒറ്റയോ സംഭവങ്ങൾ ഉണ്ടാകും. എന്റെ അറിവിൽ വർഷത്തിൽ ഒന്നോ അരയോ സംഭവമാണുണ്ടാകുന്നത്. ഈ എല്ലാ കാര്യങ്ങളും ഞാൻ തുറന്നു പറയാൻ കാരണം സ്വദ്റും അമീറും മുറബ്ബിയും അവരുടെ ജോലി വളരെ വിശാലമാണെന്ന് മനസ്സിലാക്കാൻ വേണ്ടിയാണ്. ഒരു സുപ്രധാന ഉദ്ദേശ്യം നമ്മുടെ മുമ്പിലുണ്ട്. ഒരിക്കലും അല്ലാഹു അങ്ങനെ വരുത്താതിരിക്കട്ടെ! ഭിന്നിപ്പുകളുണ്ടായാൽ അതു എത്രയും വേഗം പരിഹരിക്കപ്പെടേണ്ടതാണ്. കാരണം പരസ്പരമുള്ള ഭിന്നിപ്പുകൾ അവരിൽമാത്രം ഒതുങ്ങി നില്ക്കാറില്ലെന്ന് ചിലപ്പോൾ കാണാൻ കഴിഞ്ഞിട്ടുണ്ട്. ജമാഅത്തംഗങ്ങളിലും അതിന്റെ സ്വാധീനമുണ്ടാകുന്നു. ശയ്ത്വാൻ ഞാൻ മുമ്പേയും പറഞ്ഞതുപോലെ അതിൽനിന്ന് അനുവദനീയമല്ലാത്ത ഫലമെടുക്കുന്നു. അതുകൊണ്ട് ഈ രണ്ടു ഉദ്ദേശ്യങ്ങളും എപ്പോഴും നിങ്ങളുടെ മുമ്പിൽ വെക്കുക. അവരെ ചുമതലപ്പെടുത്തിയിട്ടുള്ള ജമാഅത്തിന്റെ വൈജ്ഞാനികവും ആത്മീയവും സംഘടനാപരവുമായ തർബിയ്യത്തിന്റെ കാര്യങ്ങൾ അവർ രണ്ടുപേരും ചേർന്നു നടത്തേണ്ടതാണ്. ശരിയായ ഫലങ്ങൾ ലഭിക്കുന്നത് ഒറ്റക്കെട്ടായി പ്രവർത്തിക്കുമ്പോഴാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം വ്യക്തമായും പറഞ്ഞു. അവിടന്ന് പറയുന്നു:'രണ്ടുകൈകൊണ്ട് ചെയ്യേണ്ട ജോലി ഒരു കൈകൊണ്ട് ചെയ്യാൻ പറ്റുകയില്ല. രണ്ടു കാലുകൾ ചേർന്ന് താണ്ടാൻ കഴിയുന്ന വഴി ഒരേയൊരു കാലുകൊണ്ട് മാത്രം താണ്ടാൻ കഴിയുകയില്ല.

അതുകൊണ്ട് സ്വദ്ർ അല്ലെങ്കിൽ അമീർ എല്ലാ അധികാരങ്ങളും കൈയിൽവച്ചുകൊണ്ട് സ്വന്തം ഇഷ്ടമനസുരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കരുത്. മുബല്ലിഗുമാരും തങ്ങളുടെ അഭിപ്രായം ശരിയാണെന്ന് മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കാനോ പ്രവർത്തിപ്പിക്കാനോ ശ്രമിക്കരുത്. മറിച്ച് പരസ്പര സഹകരണത്തോടെ പ്രവർത്തിക്കേണ്ടതാണ്. കാരണം **മുറബ്ബിയുടെ ചുമതല ജമാ**

**അത്തിന്റെ തർബിയ്യത്തിന്റെ ചുമതലയാണ്. ഞാൻ പറഞ്ഞതുപോലെ അവർക്ക് ദീനീപരമായ അറിവും കൂടുതലാണ്. അല്ലെങ്കിൽ പൊതുവെ അധികമായിരിക്കും.** അധികമാകേണ്ടതുമാണ്. അവർ മതപരമായ അറിവ് വർധിപ്പിച്ചുകൊണ്ടിരിക്കേണ്ടതാണ്. ആത്മീയതയും വർധിപ്പിച്ചുകൊണ്ടിരിക്കാൻ ശ്രമിക്കേണ്ടതാണ്. അതുകൊണ്ട് അവരുടെ തഖ്‌വായുടെ നിലവാരം സാധാരണക്കാരെക്കാൾ മികച്ചതാകേണ്ടതാണ്. ഇക്കാര്യം മുറബ്ബിമാർ മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ഭാരവാഹികളുടേയും ജമാഅത്തംഗങ്ങളുടേയും ഇടയിൽ മുറബ്ബിമാർക്ക് സ്വയമേവ ഒരു സ്ഥാനമുണ്ടാകുന്നതാണ്. ജമാഅത്തിന്റെ സ്വദ്റും അല്ലെങ്കിൽ അമീറും സംഘടനാപരമായ നേതാവായ കാരണത്താൽ ജമാഅത്തിന്റെ സംഘടനാപരമായ വ്യവസ്ഥിതിയെ ശരിയായ നിലയിൽ മുന്നോട്ടു കൊണ്ടുപോകുക എന്നത് അവരുടെ ചുമതലയാണെന്ന് ഓർക്കേണ്ടതാണ്. കാലത്തിന്റെ ഖലീഫ ഈ ജോലിയിൽ അവരെ തന്റെ പ്രതിനിധിയാക്കിയിരിക്കുന്നു. **ഇപ്രകാരം ജമാഅത്തിന്റെ ദീനീപരവും ആത്മീയപരവുമായ ഉന്നമനത്തിനും അഭിവൃദ്ധിക്കുവേണ്ടി ഉചിതമായ മാർഗങ്ങൾ ഉപയോഗത്തിൽ കൊണ്ടുവരേണ്ട ഉത്തരവാദിത്വം മുറബ്ബിമാരുടേതാണ്. അവർ ഇക്കാര്യത്തിൽ കാലത്തിന്റെ ഖലീഫയുടെ പ്രതിനിധികളാണ്.** അതിനാൽ അമീറുമാരും സ്വദ്റുമാരും ഇരുവരും അതായത് അമീറുമാരും സ്വദ്റുമാരും മുറബ്ബിമാരും തമ്മിൽ പരസ്പരം സഹകരണം ഉണ്ടായിരിക്കേണ്ടതാണ്. ഒരു സ്കീമോടുകൂടി പ്രവർത്തിക്കേണ്ടതാണ്. അപ്പോഴാണ് അവർക്ക് ജമാത്തിനെ സംഘടനാപരമായ അടിസ്ഥാനത്തിൽ ശക്തമാക്കാൻ കഴിയുന്നത്. ആത്മീയവും വൈജ്ഞാനികവുമായ നിലവാരവും ഉയർത്തിക്കൊണ്ടുപോകുന്നവരാകുന്നതാണ്.

മുമ്പേയും ഞാൻ ചുരുങ്ങിയ നിലയിൽ പറഞ്ഞതാണ്, വീണ്ടും പറയുകയാണ്, **മുബല്ലിഗുമാർ എന്നല്ല എത്രമാത്രം വാഖ്ഫീനെ സിന്ദഗിയുണ്ടോ അവരോടെല്ലാവരോടുമുള്ള ആദരവും ബഹുമാനവും തങ്ങളുടെ മനസ്സിലുണ്ടാക്കുക എന്നത് സ്വദ്റുമാരുടേയും അമീറുമാറുടേയും ജമാഅത്തിന്റെ എല്ലാ ഭാരവാഹികളുടേയും ജോലിയാണ്, എന്നല്ല ഉത്തരവാദിത്വമാണ്. ജമാഅത്തംഗങ്ങളുടെ ഉള്ളിലും ഉണ്ടാക്കേണ്ടതാണ്. മുറബ്ബിമാരുടേയും മുബല്ലിഗുമാരുടേയും വാഖ്ഫെ സിന്ദഗിയുടേയും സ്ഥനത്തിന്റെ പ്രാധാന്യം വ്യക്തമാകുന്നതിനും കൂടുതൽ കൂടുതലായി ചെറുപ്പക്കാർ ജമാഅത്തിന്റെ സേവനത്തിനുവേണ്ടി തങ്ങളെ സമർപ്പിക്കുന്നതിനുംവേണ്ടി അവരെ ആദരിക്കുകയും ആദരിപ്പിക്കുകയും ചെയ്യേണ്ടത് നിങ്ങളുടെ ജോലിയാണ്.** ദീനിന്റെ സേവനത്തിനായി വഖ്ഫുചെയ്യുന്നതും മുറബ്ബി അല്ലെങ്കിൽ മുബല്ലിഗ് ആകുന്നതും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിയാണെന്നതിന് സംശയമില്ല. പക്ഷേ, ഈ ബോധവും ഗ്രാഹ്യവും അറിവും ബുദ്ധിയും ഘട്ടംഘട്ടമായി വളരുന്നു. ചെറുപ്പക്കാരായ വാഖ്ഫീനെ നൗഉം പൂർണമായ നിലയിൽ തങ്ങളെ സേവനത്തിനുവേണ്ടി സമർപിക്കുന്നതിന് ബാഹ്യമായി പ്രചോദനവും ഉണ്ടാകേണ്ടതാണ്. അത് അവരുടെ അഭിലാഷത്തെ ഉത്തേജിപ്പിക്കുന്നതാണ്. വാഖ്ഫീനെ നൗ യുവാക്കളോടും കർമരംഗത്ത് യുവാക്കളായ മുറബ്ബിമാരോടും ഞാൻ പറയാൻ ആഗ്രഹിക്കുന്നത് ആളുകൾ നിങ്ങളുടെ സ്ഥാനം മനസ്സിലാക്കിയാലും വേണ്ടില്ല മനസ്സിലാക്കിയില്ലെങ്കിലും വേണ്ടില്ല സ്വദ്റോ അമീറോ ഭാരവാഹികളോ എന്നല്ല ഏതെങ്കിലും ജമാഅത്തംഗമോ നിങ്ങളെ ആദരിച്ചാലും വേണ്ടില്ല ആദരിച്ചില്ലെങ്കിലും വേണ്ടില്ല നിങ്ങൾ അല്ലാഹുവിനോടു ത്യാഗം ചെയ്യുമെന്ന് പ്രതിജ്ഞ ചെയ്തിട്ടുള്ളവരാണ്. അത് സദുദ്ദേശ്യത്തോടെ നിറവേറ്റേണ്ടതാണ്. അങ്ങനെ മുറബ്ബിയായിക്കഴിഞ്ഞാൽ എല്ലാ കാര്യത്തിലും അല്ലാഹുവിന്റെ മുമ്പിൽമാത്രം കുനിയേണ്ടതാണ്. ആളുകളുടെ പെരുമാറ്റത്തെ ഒട്ടും വകവെക്കാൻ പാടില്ല. അതായത് മനുഷ്യൻ എപ്പോഴും അല്ലാഹുവിന്റെ മുമ്പിൽത്തന്നെയാണ് കുനിയാറുള്ളത്. കുനിയേണ്ടതുമാണ്. പക്ഷേ, ഇവിടെ ഉദ്ദേശിക്കുന്നത് പിന്നെ ഭാരവാഹി എന്താണ് പറയുന്നതെന്ന് നോക്കരുതെന്നാണ്. എന്തെങ്കിലും പരാതിയോ അങ്ങനെയുള്ള എന്തെങ്കിലും കാര്യങ്ങളുണ്ടാകുകയോ ചെയ്താലും മനുഷ്യരോടു അത് പറയുന്നതിനു പകരം അല്ലാഹുവിന്റെ മുമ്പിൽ കുനിയേണ്ടതാണ്. ആളുകളുടെ പെരുമാറ്റങ്ങളെ വകവെക്കുകയേ അരുത്. **ഒരു വഖ്ഫെ സിന്ദഗി (ജീവിതം വഖ്ഫു ചെയ്യുന്നയാൾ)ജീവിതം മുഴുവനാണ് വഖ്ഫ് ചെയ്യുന്നത്. അല്ലാഹുവിന്റെ ദീനിനുവേണ്ടി അവൻ തന്റെ ജീവിതം സമർപിച്ചു.** ഒരു ഭാരവാഹിയാണെങ്കിൽ കുറച്ചു വർഷത്തിനുവേണ്ടി താൽക്കാലികമായി ഭാരവാഹിയാക്കപ്പെടുകയാണ്. അപ്പോൾ അയാൾ ജമാഅത്തിനു ഗുണം ചെയ്യുന്നവനാകുന്നില്ലെങ്കിൽ അതായത് ഭാരവാഹി സഹകരിക്കുന്നതിനുപകരം പ്രശ്നങ്ങളുണ്ടാക്കുകയാണെങ്കിൽ അല്ലാഹുവിനോടു അവരെ നേരായപാതയിൽ നടത്തുന്നതിനുവേണ്ടി ദുആ ചെയ്യേണ്ടതാണ്. അത്തരം ഭാരവാഹിയിൽനിന്ന് ശല്യം ഒഴിവാക്കുന്നതിനുവേണ്ടി അല്ലാഹുവിനോടു ദുആ ഇരക്കുക.

ഇപ്രകാരം ഞാൻ മുറബ്ബിമാരോടും ഭാരവാഹികളോടും ഇരുകൂട്ടരോടും പറയാൻ ആഗ്രഹിക്കുകയാണ്, **ജമാഅത്തംഗങ്ങളിൽനിന്ന് അവരുടെ വീടുകളിൽ ഭാരവാഹികളെ സംബന്ധിച്ച് നെഗറ്റീവായ കാര്യങ്ങളുടെ സംസാരം ഉണ്ടാകരുതെന്ന് നമ്മൾ പ്രതീക്ഷിക്കുമ്പോൾ സ്വദ്ർമാരും അമീറുമാരും ഭാരവാഹികളും ഇപ്രകാരംതന്നെ മുറബ്ബിമാരും അവരുടെ വീടുകളിലും പരസ്പരം ഒരു തരത്തിലുള്ള നെഗറ്റീവായിട്ടുള്ള കാര്യങ്ങളും സംസാരിക്കുകയില്ലെന്നത് പാലിക്കേണ്ടതാണ്.** മുറബ്ബിമാരുടെ സന്താനങ്ങളിലും ഭാരവാഹികളുടെ സന്താനങ്ങളിലും ജമാഅത്ത് വ്യവസ്ഥിതിയോടും വാഖ്ഫീനെ സിന്ദഗിയോടും ഏതെങ്കിലും തരത്തിൽ ജമാഅത്തിന് സേവനം ചെയ്യുന്നവരോടുമുള്ള ആദരവുണ്ടാകുന്നതിന് പോസിറ്റീവായിട്ടുള്ള കാര്യങ്ങൾ പറയാവുന്നതാണ്. ജമാഅത്തംഗങ്ങൾക്ക് എപ്പോഴും മൈത്രിയുടേയും സ്നേഹത്തിന്റേയും ചിറകുകൾ വിരിച്ചുകൊടുക്കണമെന്ന് ഭാരവാഹികൾ പ്രത്യേകിച്ചും സ്വദ്ർമാരും അമീർമാരും ഓർക്കേണ്ടതാണ്. **ഏതെങ്കിലും തരത്തിലുള്ള ഭാരവാഹിത്വം കിട്ടുക എന്നത് നിങ്ങളുടെ ഒരു അവകാശവുമായിരുന്നില്ല. അവകാശവുമല്ല. ഇത് അല്ലാഹുവിന്റെ കൃപയൊന്നുമാത്രമാണ്.** അതിനാൽ അല്ലാഹുവിന്റെ ഈ ഫള്‌ലിനെ വലിയ വിനയത്തോടെ ആദരിക്കുക. കാലത്തിന്റെ ഖലീഫ നിങ്ങളെ വിശ്വസിച്ചുകൊണ്ട് നിങ്ങളെ ഏല്പിച്ചിട്ടുള്ള ഈ പ്രിയപ്പെട്ട ജമാഅത്തിന്റെ മേൽനോട്ടത്തിന്റെ ജോലിയോടുള്ള കടമനിറവേറ്റാൻ ശ്രമിക്കുക. സ്വദ്ർമാരും അമീർമാരും താന്താങ്ങളുടെ ജമാഅത്തിലെ ചെറിയവരും വലിയവരുമായ എല്ലാ ഓരോ അംഗങ്ങൾക്കും കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകുകൾക്കുള്ളിൽ സുരക്ഷിതമാക്കി വെക്കുന്നതുപോലെ സുരക്ഷിതമായ ചിറകുകൾക്ക് കീഴെയാണ് അവരുള്ളതെന്ന ബോധമുണ്ടാക്കുക. **എപ്പോഴും എല്ലാവരോടും മൃദുഭാവത്തോടും പുഞ്ചിരിയോടുംകൂടി സംസാരിക്കുക. ഓഫീ**

**സിന്റെ കസേര നിങ്ങളിൽ അഹങ്കാരത്തിനു പകരം വിനയമുണ്ടാക്കുന്നതാകണം. എല്ലാ ഭാരവാഹികളുടേയും എല്ലാ മുറബ്ബിമാരുടേയും വാതിലുകൾ എല്ലാ വ്യക്തികൾക്കും തുറന്നു കിടക്കുന്നതാകണം.** കാര്യങ്ങൾ വേഗത്തിൽ പരിഹരിക്കേണ്ടതാണ്. താമസം വരുത്താൻ പാടില്ല.

**ജമാഅത്തിന്റെ ഒരു ഉദ്യോഗവും ഏതെങ്കിലും തരത്തിലുള്ള വലുപ്പത്തരം ഉണ്ടാക്കുന്നതിനുള്ളതല്ലെന്നത് ഭാരവാഹികൾ എപ്പോഴും ഓർക്കേണ്ടതാണ്. മറിച്ച് വിനയത്തിൽ വർധന ഉണ്ടാക്കാനുള്ളതാണ്.** അതുകൊണ്ട് എല്ലാ തീരുമാനവും എല്ലാ വിധിയും എല്ലാ ജോലിയും അല്ലാഹുവിനോടുള്ള ഭയം മനസ്സിൽവച്ചുകൊണ്ട് അങ്ങേയറ്റം വിനയത്തോടെ നീതിയുടെ തേട്ടങ്ങൾ പൂർത്തിയാക്കിക്കൊണ്ട് ചെയ്യാൻ ശ്രമിക്കേണ്ടതാണ്. നബി (സ) തിരുമേനി അധികാരികൾക്കും വിധികർത്താക്കൾക്കും ഈ മുന്നറിയിപ്പാണ് നല്കിയിട്ടുള്ളത്. ഭാരവാഹികളെല്ലാം ഇത് മുന്നിൽവെക്കുകയാണെങ്കിൽ തീർച്ചയായും അവരുടെ ജോലിയുടെ നിലവാരവും നീതിയുടെ തേട്ടങ്ങൾ പൂർത്തിയാക്കലും പല ഇരട്ടി വർധിക്കുന്നതായിരിക്കും. ഒരു അവസരത്തിൽ നബി(സ) തിരുമേനി പറഞ്ഞു: 'ആരെയാണോ അല്ലാഹു ജനങ്ങളുടെ മേൽനോട്ടക്കാരനും ഉത്തരവാദപ്പെട്ടവനുമാക്കിയിരിക്കുന്നത്, ജനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിലും തന്റെ കടമകൾ നിറവേറ്റുന്നതിലും അവരുടെ ക്ഷേമത്തിലും വീഴ്ച വരുത്തുന്നത് അവൻ മരിക്കുമ്പോൾ അല്ലാഹു അവന് സ്വർഗം ഹറാം അഥവാ നിഷിദ്ധമാക്കുന്നതാണ്.' നോക്കുക! എത്ര വലിയ മുന്നറിയിപ്പാണിത്. മനുഷ്യനെ വിറപ്പിച്ചുകളയുന്നതാണിത്. **അല്ലാഹുവിലും ആഖിറത്തിലും ദൃഢവിശ്വാസമുണ്ടെങ്കിൽ എല്ലാ ഭാരവാഹികളും തങ്ങളുടെ എല്ലാ ജോലിയും അങ്ങേയറ്റം ഭയാവസ്ഥയിൽ ചെയ്യേണ്ടതാണ്.** നബി(സ)തിരുമേനി പറഞ്ഞു:'പുനരുഥാനനാളിൽ അല്ലാഹുവിന് ജനങ്ങളിൽവച്ച് കൂടുതൽ പ്രിയപ്പെട്ടവനും അവനോടു ഏറ്റവും അടുത്തവനും നീതിപൂർവം വിധി പുറപ്പെടുവിക്കുന്ന വിധികർത്താവായിരിക്കും. ഏറ്റവും വെറുക്കപ്പെട്ടവനും ഏറ്റവും ദൂരത്തുള്ളവനും അക്രമിയായ വിധികർത്താവായിരിക്കും.' അതിനാൽ നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ അത്യന്തം സൂക്ഷ്മമായ നിലയിൽ നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്. അപ്പോഴാണ് നീതിയുടെ തേട്ടങ്ങളും പൂർത്തിയാക്കാൻ സാധിക്കുന്നത്. ഇതേപ്രകാരം ഉപസംഘടനകളുടെ ഭാരവാഹികളും തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ പരിശ്രമിക്കുക. ഉപസംഘടനകളും എല്ലാ തലങ്ങളിലും പ്രവർത്തന നിരതരാവണം; അൻസ്വാറും ലജനയും ഖുദ്ദാമും. പരസ്പരം സഹകരണമുണ്ടാകുകയും എല്ലാ ഉപസംഘടനകളും ജമാഅത്തി വ്യവസ്ഥിതിയും പ്രവർത്തനനിരതമാകുകയും ചെയ്യുകയാണെങ്കിൽ ജമാഅത്തിന്റെ പുരോഗതിയുടെ ഒഴുക്ക് പലയിരട്ടി വർധിക്കുന്നതാണ്.

ഈയൊരു കാര്യം കൂടി എല്ലാ ഭാരവാഹികളും ഓർക്കേണ്ടതാണ്. **ഭാരവാഹിക്കെതിരിൽത്തന്നെ പരാതി വന്നാൽ അല്ലെങ്കിൽ ഭാരവാഹിയെ ആരെങ്കിലും വിമർശിച്ചാൽ അത് കേൾക്കാനുള്ള സഹിഷ്ണുത ഭാരവാഹി കാണിക്കേണ്ടതാണ്. ഭാരവാഹികളിൽ ഏറ്റവും കൂടുതൽ സഹിഷ്ണുത ഉണ്ടായിരിക്കേണ്ടതാണ്. വിമർശിക്കുന്നവരോടു പകരംവീട്ടുന്നതിനുപകരം ഏറ്റവും ആദ്യം സ്വന്തം പരിഷ്കരണം നടത്താൻ ശ്രമിക്കേണ്ടതാണ്. അയാൾ പറയുന്ന ദോഷം തന്നിലുണ്ടോ എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്.** ഇക്കാര്യവും നീതിപൂർവം പ്രവർത്തിക്കുന്നതിന് അനിവര്യമാണ്. ജമാഅത്തംഗങ്ങളും, തങ്ങളുടെ തഖ്‌വായുടെ നിലവാരം ഉയർത്തണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നന്മയിലും തഖ്‌വായിലും സഹകരിക്കാൻ അവരോടും കല്പനയുണ്ട്. ജമാഅത്തംഗങ്ങളുടെ നന്മയുടേയും തഖ്‌വായുടേയും നിലവാരം കൂടുതലാകുകയാണെങ്കിൽ നന്മയിലും തഖ്‌വായിലും നടക്കുന്ന നല്ല ഭാരവാഹികൾ സ്വയമേവ കിട്ടിക്കൊണ്ടിരിക്കുന്നതാണ്. അനുസരിക്കും എന്നതിന്റെ അടിസ്ഥാനത്തിൽ ഏല്പിക്കപ്പെട്ട തങ്ങളുടെ കടമകൾ എല്ലാ ജമാഅത്തംഗങ്ങളും നിറവേറ്റേണ്ടതാണ്. എല്ലാ ജമാഅത്തംഗങ്ങൾക്കും ഏല്പിക്കപ്പെട്ടിട്ടുള്ള അനുസരണം എന്നത് ഒരു വലിയ നിർബന്ധ കടമയാണ്. തങ്ങളിലർപിതമായ നിർബന്ധ കടമകൾ നിറവേറ്റണമെന്ന ബോധം നിങ്ങളുടെ സന്താനങ്ങളുടെ മനസ്സുകളിലും കുടിയിരുത്തുക. സന്താപത്തിലും സന്തോഷത്തിലും ഞെരുക്കത്തിലും അവകാശം ധ്വംസിക്കപ്പെടുമ്പോഴും കയ്പുള്ള പെരുമാറ്റമുണ്ടാകുമ്പോഴും ചുരുക്കത്തിൽ എല്ലാ അവസ്ഥയിലും അനുസരണം പുലർത്തേണ്ടതാണ്.

നമ്മുടെ എല്ലാ ജോലിയും അല്ലാഹുവിന്റെ തൃപ്തിയ്ക്കുവേണ്ടി ആയിരിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. നമ്മൾ, ഇക്കാലഘട്ടത്തിൽ അല്ലാഹു അയച്ചയാളും നബി(സ)തിരുമേനിയുടെ സത്യസന്ധനായ പ്രേമിയുമായവരുടെ ജമാഅത്തിൽ ചേർന്നതിന്റെ കടമനിറവേറ്റുന്നവരാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 10.03.17
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala